വരുന്നു. കൂടാതെ 10 കോടി രൂപവരെ നിർമ്മാണച്ചെലവുവരുന്ന പാലങ്ങളിൽ 15 വർഷംവരെയും 10 കോടി രൂപയ്ക്ക് മുകളിൽ നിർമ്മാണച്ചെലവുവരുന്ന പാലങ്ങളിൽ 20 വർഷംവരെയും ടോൾ പിരിച്ചാൽമതിയെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ ദേശീയ പാതയിൽ നിർമ്മിച്ചിട്ടുള്ള പാലങ്ങളിൽ, നിലവിലുള്ള കേന്ദ്ര നിയമാവലി പ്രകാരം, പാലങ്ങളുടെ ടോൾ പിരിവ് കാലപരിധി ബാധകമല്ല.

(ബി) നിലവിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 100 പാലങ്ങളിലും ആർ.ബി.ഡി.സി.കെ. നിർമ്മിച്ച 9 പാലങ്ങളിലും ദേശീയപാതയിൽപ്പെട്ട 8 പാലങ്ങളിലും (ആകെ 117) ടോൾ പിരിവ് നടക്കുന്നുണ്ട്. ടോൾ പിരിക്കുന്ന പാലങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 68 പാലങ്ങൾ ടോൾ പിരിവിൽനിന്ന് ഒഴിവാകും. ഇതിനുള്ള മാനദണ്ഡങ്ങൾ ചോദ്യത്തിന്റെ (എ) ഭാഗത്തിനുള്ള ഉത്തരത്തിൽ ചേർത്തിരിക്കുന്നു.

കായിക സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള നടപടികൾ

21 (*81) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക വിദ്യാഭ്യാസം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ സ്പോർട്ട്സിലുള്ള തുടർപഠനത്തിന് കായിക സർവ്വകലാശാല സംസ്ഥാനത്ത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ആരാണ് കമ്മീഷൻ ചെയർമാൻ എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കമ്മീഷൻ ഇതു സംബന്ധമായി റിപ്പോർട്ട് ഇതിനകം സമർപ്പിക്കുകയുണ്ടായോ ; എങ്കിൽ എന്നാണ് സമർപ്പിച്ചത് ;

(ഡി) എന്തൊക്കെയാണ് പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ ; കായികരംഗവുമായി ബന്ധപ്പെട്ട ഏതെല്ലാം കോഴ്സുകൾ സർവ്വകലാശാലയിൽ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ;

(ഇ) കായിക രംഗത്ത് മലബാറിന്റെ മികച്ച സംഭാവനകൾ പരിഗണിച്ച് സർവ്വകലാശാല ആസ്ഥാനം മലബാർ പ്രദേശത്താക്കുന്ന കാര്യം പരിഗണിക്കുമോ ;

(എഫ്) കേന്ദ്രസഹായത്തോടെ ആയിരിക്കുമോ സർവ്വകലാശാല ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ; എങ്കിൽ കേന്ദ്രവുമായി ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി കമ്മീഷനെ നിയമിച്ചിട്ടില്ല. എന്നാൽ കേരള സ്പോർട്ട്സ് കമ്മിഷൻ ചെയർമാനായിരുന്ന ശ്രീ. എ. കെ. പാണ്ഡ്യയെ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്നു.

(സി) ശ്രീ. എ. കെ. പാണ്ഡ്യ, പദ്ധതിയുടെ കൺസെപ്റ്റ് പേപ്പർ 27-1-2011-ന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി-എഫ്) എ. കെ. പാണ്ഡ്യ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി നടപ്പാക്കിയ പദ്ധതികൾ

22 (*82) ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി ജലവിഭവ വകുപ്പ് നടപ്പാക്കിയ പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആയക്കെട്ടുകളുടെ വിപുലീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) മലബാറിനായി ആവിഷ്ക്കരിച്ച പ്രത്യേക ജലസേചന പാക്കേജിന്റെ നിർമ്മാണപുരോഗതി വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം ജലസേചന പദ്ധതികളുടെ നവീകരണം പൂർത്തിയായിട്ടുണ്ട് ; ഏതെല്ലാം പദ്ധതികളുടെ നവീകരണം നടന്നുവരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഇ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ജലസേചന വിഭാഗത്തിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(എഫ്) ഇവയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ നടപ്പാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു :

(i) മലബാർ പ്രദേശത്തിന്റെ ഉന്നമനത്തിനായി ഏഴ് വടക്കൻ ജില്ലകളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധാരിക്കുകയും, വി.സി.ബി., ചെക്ക് ഡാം മുതലായവ പുനരുദ്ധരിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും 180.09 കോടി രൂപയുടെ 418 പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഭരണാനുമതിനൽകി.

LIBRARY ARCHIVES Kerala Legislative Assembly